REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 12-05-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാലാം ഘട്ടത്തിൽ നാളെ 96 മണ്ഡലങ്ങൾ വിധിയെഴുതും.
2. ISRO പരിഷ്കരിച്ച പുതിയ ദ്രവ ഇന്ധന റോക്കറ്റ് വിജയകരമായി പരീക്ഷിച്ചു.
3. സംസ്ഥാനത്ത് അടുത്ത ശനി, ഞായർ ദിവസങ്ങളിൽ ജനകീയ ശുചീകരണ യജ്ഞം സംഘടിപ്പിക്കുമെന്ന് മന്ത്രി MB രാജേഷ്
4. ഇന്ന് ലോകമാതൃദിനം.
5. ഫെഡറേഷൻ കപ്പ് ദേശീയ സീനിയർ അത്-ലറ്റിക് ചാമ്പ്യൻഷിപ്പ് ഇന്ന് ഭുവനേശ്വറിൽ ആരംഭിക്കും.

## വാർത്തകൾ വിശദമായി

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാലാം ഘട്ടത്തിൽ ഒൻപത് സംസ്ഥാനങ്ങളിലും ജമ്മു കാശ്മീരിലുമായി 96 മണ്ഡലങ്ങൾ നാളെ വിധിയെഴുതും. പരസ്യപ്രചാരണം ഇന്നലെ സമാപിച്ചു. ഇന്ന് നിശബ്ദ പ്രചാരണത്തിന്റെ ദിവസമാണ്.

ആന്ധ്രപ്രദേശിലെയും തെലങ്കാനയിലെയും മുഴുവൻ മണ്ഡലങ്ങളിലും ഈ ഘട്ടത്തിലാണ് വോട്ടെടുപ്പ്. ഉത്തർപ്രദേശിലെ 13ഉം,മഹാരാഷ്ട്രയിലെ പതിനൊന്നും പശ്ചിമ ബംഗാളിലെയും മധ്യപ്രദേശിലെയും എട്ട് വീതവും ,ബിഹാറിലെ അഞ്ചും, ഒഡിഷയിലെയും ഝാർഖണ്ഡിലെയും നാലു വീതവും, ജമ്മു കശ്മീരിലെ ഒരു സീറ്റിലുമാണ് നാലാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ്.

✪✪✪

അടുത്ത പ്രധാനമന്ത്രി നരേന്ദ്രമോദി തന്നെ ആകുമെന്ന കാര്യത്തിൽ BJP യ്ക്കുള്ളിൽ ഒരാശയക്കുഴപ്പവുമില്ലെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ വ്യക്തമാക്കി. അദ്ദേഹം തന്നെ മൂന്നാംവട്ടവും രാജ്യത്തെ നയിക്കുമെന്ന് അമിത്ഷാ ഹൈദരാബാദിൽ വ്യക്തമാക്കി.

തെക്കൻ സംസ്ഥാനങ്ങളിൽ BJP ഏറ്റവും കൂടുതൽ സീറ്റു നേടുന്ന കക്ഷിയായി മാറുമെന്നും അമിത്ഷാ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ആദ്യ മൂന്നുഘട്ട തിരഞ്ഞെടുകളിൽ തന്നെ പാർട്ടി 200 ലേറെ സീറ്റുകൾ ഉറപ്പാക്കിയതായും ദേശീയതലത്തിൽ 400 ലേറെ സീറ്റ് നേടുമെന്നും അദ്ദേഹം പറഞ്ഞു.

കോൺഗ്രസ് അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുകയാണെന്നും 12 ലക്ഷം കോടിയിലേറെ രൂപയുടെ ക്രമക്കേട് അവർ നടത്തിയിട്ടുണ്ടെന്നും അമിത്ഷാ ആരോപിച്ചു. അതേസമയം നീണ്ട കാലം ഗുജറാത്ത് മുഖ്യമന്ത്രിയും, പത്തു വർഷം പ്രധാനമന്ത്രിയുമായ നരേന്ദ്രമോദിക്കെതിരെ 25 പൈസയുടെ അഴിമതി ആരോപണം പോലും ഉണ്ടായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിന് ഇടക്കാല ജാമ്യം മാത്രമാണ് ലഭിച്ചിരിക്കുന്നതെന്നും, ജൂൺ രണ്ടിന് ജയിലിലെത്തണമെന്ന കോടതി നിർദ്ദേശം അദ്ദേഹത്തിനു നൽകിയ ക്ലീൻ ചിറ്റ് അല്ലെന്നും അമിത്ഷാ അഭിപ്രായപ്പെട്ടു.

✪✪✪

സാമ്പത്തിക മേഖലയെ ശക്തിപ്പെടുത്താനും ലോകത്തെ മുന്നോട്ടു നയിക്കാനും ഇന്ത്യയ്ക്ക് ശക്തമായ നേതൃത്വം ആവശ്യമാണെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. കോൺഗ്രസ് 60 വർഷം കൊണ്ട് നടത്തിയ പ്രവൃത്തികളുടെ മൂന്നിരട്ടി NDA ഗവൺമെന്റ് പത്ത് വർഷം കൊണ്ട് പൂർത്തീകരിച്ചതായി അദ്ദേഹം പൂനെയിൽ പറഞ്ഞു. കോൺഗ്രസിന് വികസന അജണ്ടയില്ലെന്നും ഗഡ്കരി കുറ്റപ്പെടുത്തി.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ മെയ് ഏഴിലെ മൂന്നാംഘട്ടത്തിൽ 65.68 ശതമാനം പോളിംഗ് രേഖപ്പെടുത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. പുരുഷൻമാരിൽ 66.89 ശതമാനവും, സ്ത്രീകളിൽ 64.41 ശതമാനവും വോട്ട് ചെയ്തു. 25.2 ശതമാനമാണ് ട്രാൻസ്ജെൻഡർ വോട്ടിംഗ്. 93 ലോക്സഭാ സീറ്റുകളിലായിരുന്നു മെയ് ഏഴിന് മൂന്നാം ഘട്ടത്തിൽ വോട്ടെടുപ്പ്.

✪✪✪

ISRO പരിഷ്കരിച്ച പുതിയ ദ്രവ ഇന്ധന റോക്കറ്റ് വിജയകരമായി പരീക്ഷിച്ചു. PS -4 എൻജിനാണ് പുതിയ നിർമ്മാണ സങ്കേതത്തിലൂടെ കൂടുതൽ

മികച്ചതാക്കിയത്. തമിഴ്നാട്ടിലെ മഹേന്ദ്രഗിരി പ്രൊപ്പൽഷൻ കേന്ദ്രത്തിൽ വരുത്തിയ പുതുക്കൽ വഴി നിർമ്മാണ സമയവും, അസംസ്കൃത വസ്തുക്കളുടെ ഉപയോഗവും വെട്ടിക്കുറയ്ക്കാനായെന്ന് ISRO കേന്ദ്രങ്ങൾ അറിയിച്ചു. PSLV വിക്ഷേപണത്തിന്റെ നാലാം ഘട്ടത്തിൽ പുതിയ എൻജിൻ ഉപയോഗിക്കാനാണ് തീരുമാനം.

✪✪✪

ഇന്ന് ലോകമാതൃദിനം. അമ്മമാരുടെ നിരുപാധിക സ്നേഹത്തെ ആദരിക്കാനും ആഘോഷിക്കാനുമാണ് മാതൃ ദിനാഘോഷത്തിലൂടെ ലക്ഷ്യമിടുന്നത്.

മെയ് മാസത്തിലെ രണ്ടാം ഞായറാണ് മാതൃ ദിനമായി ആഘോഷിക്കുന്നത്. അമേരിക്കൻ സാമൂഹിക പ്രവർത്തകയായ അന്ന ജാർവിസാണ് ആധുനിക മാതൃദിനം ആഘോഷിക്കുന്നതിന് തുടക്കമിട്ടത്.

✪✪✪

സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം ഇന്നലെ പത്ത് കോടി യൂണിറ്റിൽ താഴെയായി. ഒൻപത് കോടി 88 ലക്ഷം കോടി യൂണിറ്റ് വൈദ്യുതിയാണ് ഇന്നലെ വേണ്ടി വന്നത്. കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ പ്രതിദിന ഉപഭോഗം 11 കോടി യൂണിറ്റിന് മുകളിലെത്തിയിരുന്നു. വ്യാപകമായി വേനൽമഴ പെയ്തതും, താപനില കുറഞ്ഞതുമാണ് വൈദ്യുതി ഉപയോഗത്തിൽ കുറവു വരാൻ കാരണം.

✪✪✪

എറണാകുളം തൃപ്പൂണിത്തുറയിൽ കിടപ്പുരോഗിയായ പിതാവിനെ മകൻ വാടക വീട്ടിൽ ഉപേക്ഷിച്ച സംഭവത്തിൽ അടിയന്തര അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ഫോർട്ടുകൊച്ചി സബ്കളക്ടർക്ക് മന്ത്രി ഡോ. R ബിന്ദു നിർദ്ദേശം നൽകി. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറോടും ജില്ലാ സാമൂഹ്യ നീതി ഓഫീസറോടും മന്ത്രി റിപ്പോർട്ട് തേടിയിട്ടുണ്ട്. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് നടപടി.

✪✪✪

സംസ്ഥാനത്ത് അടുത്ത ശനി, ഞായർ ദിവസങ്ങളിൽ ജനകീയ ശുചീകരണ യജ്ഞം സംഘടിപ്പിക്കുമെന്ന് മന്ത്രി MB രാജേഷ് കൊച്ചിയിൽ അറിയിച്ചു. മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി 20,000 വാർഡുകളിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിലാണ് ശുചീകരണ യജ്ഞം നടപ്പാക്കുന്നത്. പരിപാടികൾ ആസൂത്രണം ചെയ്യാൻ മറ്റന്നാൾ യോഗം ചേരും.

കുടുംബശ്രീ, രാഷ്ട്രീയപാർട്ടികൾ, സന്നദ്ധസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെയായിരിക്കും

യജ്ഞം സംഘടിപ്പിക്കുന്നത്. ജില്ലകളിൽ വെള്ളക്കെട്ട് സാധ്യതാ പ്രദേശങ്ങളും, രോഗവ്യാപന സാഹചര്യം നിലനിൽക്കുന്ന ഹോട്ട്സ്പോട്ടുകളും ആരോഗ്യവകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകിയായിരിക്കും ശുചീകരണ യജ്ഞം നടപ്പാക്കുന്നത്.

✪✪✪

ഹിമാചൽ പ്രദേശിലെ അപകടത്തിൽ മരിച്ച സൈനികൻ ഫറോക്ക് ചുങ്കം സ്വദേശി ആദർശിന്റെ മൃതദേഹം ഇന്ന് കേരളത്തിലെത്തിക്കും. ഭൗതിക ശരീരം നാളെ രാവിലെ ഫറോക്കിൽ എത്തിക്കാനാണ് തീരുമാനം. രാമനാട്ടുകര ഫ്ലൈ ഓവറിന് സമീപത്ത് നിന്ന് ഫറോക്ക് നഗരസഭ ഏറ്റുവാങ്ങുന്ന ഭൗതിക ശരീരം, വിലാപയാത്രയായി ഖാദിസിയ്യ സ്കൂളിലെത്തിച്ച് പൊതുദർശനത്തിന് വെയ്ക്കും. ജനപ്രതിനിധികളും പൊതു പ്രവർത്തകരുമുൾപ്പെടെ ചടങ്ങിൽ പങ്കെടുക്കും.

✪✪✪

ഫെഡറേഷൻ കപ്പ് ദേശീയ സീനിയർ അത്-ലറ്റിക് ചാമ്പ്യൻഷിപ്പ് ഇന്ന് ഭുവനേശ്വറിൽ ആരംഭിക്കും. ഈ സീസണിലെ രാജ്യത്തെ ആദ്യ ട്രാക്ക് ആന്റ് ഫീൽഡ് ചാമ്പ്യൻഷിപ്പാണിത്. ജാവലിൻത്രോ ഒളിമ്പിക്സ് ചാമ്പ്യൻ നീരജ് ചോപ്രയടക്കം 700 ലേറെ അത്-ലറ്റുകൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നുണ്ട്. ബുധനാഴ്ച വരെയാണ് മത്സരങ്ങൾ.

✪✪✪

IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് മുംബൈ ഇന്ത്യൻസിനെ പരാജയപ്പെടുത്തി.. ഇന്ന് രണ്ട് മത്സരങ്ങളുണ്ട്. ചെന്നൈയിലെ ആദ്യ മത്സരത്തിൽ ഉച്ചക്ക് മൂന്നരയ്ക്ക് ചെന്നൈ സൂപ്പർ കിംഗ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും. രണ്ടാം മത്സരത്തിൽ റോയൽ ചാലഞ്ചേഴ്സ് ബംഗളുരു ഡൽഹി കാപ്പിറ്റൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ബംഗളുരുവിലാണ് മത്സരം.

✪✪✪

ഇന്ത്യൻ ഗുസ്തി താരം അമൻ ഷെറാവത് പാരീസ് ഒളിമ്പിക്സിന് യോഗ്യത നേടി. ഇന്നലെ തുർക്കിയിലെ യോഗ്യതാ മത്സരത്തിൽ പുരുഷന്മാരുടെ 57 കിലോ ഫ്രീസ്റ്റൈൽ വിഭാഗത്തിലാണ് അമൻ ഫൈനലിലെത്തിയത്.. ഇതോടെ പാരീസ് ഒളിമ്പിക്സിന് യോഗ്യത നേടുന്ന ആദ്യ ഇന്ത്യൻ പുരുഷ ഗുസ്തി താരമായി അമൻ മാറി.

✪✪✪

കണ്ണൂരിൽ സീനിയർ ഡിവിഷൻ ലീഗ് ഫുട്ബോളിൽ ലക്കി സ്റ്റാർ ക്ലബ്ബ്, കണ്ണൂർ ജൂനിയർ റെഡ് സ്റ്റാറിനെ തോൽപ്പിച്ചു. മറ്റൊരു മത്സരത്തിൽ കണ്ണൂർ SN കോളേജ്, പയ്യന്നൂർ കോളേജിനെയും പരാജയപ്പെടുത്തി.

ഇന്ന് കണ്ണൂർ ജില്ലാ പോലീസ്, മയ്യിൽ യംങ്ങ്ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബുമായും, ചാലാട് മൈത്രി സ്പോർട്സ് ക്ലബ്, കാഞ്ഞിരോട് ജനതാ സ്പോർട്സ് ക്ലബ്ബുമായും ഏറ്റുമുട്ടും.

✪✪✪

ഇന്ന് അന്താരാഷ്ട്ര നഴ്സസ് ദിനം. ഫ്ലോറൻസ് നൈറ്റിംഗേലിന്റെ ജന്മവാർഷികത്തോടനുബന്ധിച്ചാണ് എല്ലാ വർഷവും മെയ് 12 അന്താരാഷ്ട്ര നഴ്സസ് ദിനമായി ആചരിക്കുന്നത്. ആരോഗ്യ മേഖലയിൽ നഴ്സുമാർ വഹിക്കുന്ന നിർണായക പങ്കിന്റെ ഓർമ്മപ്പെടുത്തലാണ് ഈ ദിനം. ആരോഗ്യ മേഖലയിൽ നെടുംതൂണായ നഴ്സുമാരുടെ സേവനത്തെ ആദരിക്കാൻ കൂടി ലക്ഷ്യമിട്ടാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.

'Our Nurses, Our Future - The economic Power of Care' എന്നതാണ് ഈ വർഷത്തെ ദിനാചരണ സന്ദേശം.

✪✪✪

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ തിരുവനന്തപുരം, പത്തനംതിട്ട,ഇടുക്കി ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഇടിമിന്നൽ സാധ്യതയുണ്ടെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

തലശ്ശേരി അതിരൂപതയ്ക്ക് കീഴിലെ ചെമ്പേരി ലൂർദ് മാതാ ഫെറോന ദേവാലയത്തെ ബസിലിക്ക പദവിയിലേക്ക് ഉയർത്താൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച ഫ്രാൻസിസ് മാർപാപ്പയുടെ അറിയിപ്പ് തലശ്ശേരി അതി രൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിക്ക് ലഭിച്ചു. ഇതോടെ സിറോ മലബാർ സഭയിൽ ബസിലിക്കകളുടെ എണ്ണം അഞ്ചാകും.

✪✪✪

ഇടവമാസ പൂജകൾക്കായി ശബരിമലയിൽ മറ്റന്നാൾ വൈകിട്ട് നട തുറക്കും. ബുധനാഴ്ച പുലർച്ചെ പതിവു പൂജകൾ ആരംഭിക്കും. 19 നാണ് പ്രതിഷ്ഠാദിനം. പൂജകളും കളഭാഭിഷേകവും പൂർത്തിയാക്ക് അന്നു രാത്രി നടയടയ്ക്കും.

✪✪✪

പമ്പ ത്രിവേണിയിലെ ജലനിരപ്പ് താഴ്ന്നതിനാൽ പമ്പ, കൊച്ചുപമ്പ ഡാമുകൾ തുറന്നുവിടാൻ ജില്ലാ കളക്ടർ ഉത്തരവിട്ടു. നാളെ രാവിലെ ആറു മുതൽ ഈ മാസം 19 വരെ 25,000 ക്യുബിക് മീറ്റർ വെള്ളം വീതം തുറന്നുവിടും.

✪✪✪

കാസർകോട് നഗരത്തിൽ NH മേൽപ്പാലത്തിന്റെ സ്പാൻ കോൺക്രീറ്റ് ചെയ്യാനായി നാളെ, ദേശീയപാത 12 മണിക്കൂർ അടയ്ക്കും. നുള്ളിപ്പാടി അയ്യപ്പ ഭജന മന്ദിരത്തിനും, കാസർകോട് പുതിയ ബസ് സ്റ്റാന്റിനും ഇടയിൽ 150 മീറ്റർ ഭാഗമാണ് നാളെ രാത്രി ഒൻപതു മുതൽ ചൊവ്വാഴ്ച രാവിലെ ഒൻപതു വരെ അടയ്ക്കുന്നത്. ഗതാഗതം തിരിച്ചുവിടുമെന്ന് പൊലീസ് അറിയിച്ചു.

✪✪✪

തെരഞ്ഞെടുപ്പിൽ പരാജയപ്പെടുമെന്ന് ഉറപ്പായതിന്റെ ജാള്യം മറയ്ക്കാനാണ് CPIM ശ്രമമെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ കുറ്റപ്പെടുത്തി. ജനങ്ങളെ ഭിന്നിപ്പിക്കാൻ അവർ ശ്രമിക്കുമ്പോൾ, ജനങ്ങളെ ചേർത്ത് നിർത്താൻ നൂറിരട്ടി ശക്തിയോടെ UDF ഉണ്ടാവുമെന്ന് സതീശൻ വടകരയിൽ പറഞ്ഞു. കോട്ടപ്പറമ്പിൽ UDF ജനകീയ കാമ്പയിൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുസ്ലിം ലീഗ് ജനറൽ സെക്രട്ടറി PMA സലാം യോഗത്തിൽ മുഖ്യ പ്രഭാഷണം നടത്തി.

✪✪✪

മലപ്പുറം എടക്കരയിൽ ഇന്നലെ കനത്ത കാറ്റിലും മഴയിലും വാഴക്കൃഷിയ്ക്ക് വ്യാപക നാശ നഷ്ടമുണ്ടായി. പച്ചക്കറി കൃഷിയും നശിച്ചതായി റിപ്പോർട്ടുണ്ട്.

✪✪✪